FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

THE SOUL WINNER ● ● ● FULLFILLING THE GREAT COMMISSION

VOLUME 10 ● ISSUE 2 JULY 2022

# ഇന്ത്യയിൽ അസംബ്ലീസ് ഓഫ് ഗോഡ് സഭയ്ക്ക് പുതിയ നേതൃത്വം



റവ. പോൾ തങ്കയ്യ



റവ പാപ്പി മത്തായി



റവ. സംഗ

**ചെന്നൈ:** ഇന്ത്യയിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭയ്ക്ക് പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. റവ. പോൾ തങ്കയ്യ (സൂപ്രണ്ട് ) റവ പാപ്പി മത്തായി (ജനറൽ സെക്രട്ടറി ) റവ. സംഗ (ജനറൽ ട്രഷറർ എന്നിവരാണ് പുതിയ ഭാരവാഹികൾ.

ഇന്ത്യയിലെ മൂന്നു റീജിയനിൽ നിന്നുള്ള ഓർഡെയ്ൻഡ് പാസ്റ്റർമാരും പ്രതിനിതികളുമായ 1700 പേർ പങ്കെടുത്ത പൊതുയോഗമാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. ചെന്നൈയിൽ വച്ച് നടന്ന മീറ്റിംഗിൽ ഏജിയുടെ ഇന്ത്യയിലെ സിനിയർ പാസ്റ്റർ. ഡി മോഹൻ അനുഗ്രഹ പ്രാർത്ഥന നടത്തി. ലോകത്തിലെ തന്നെ ഏറ്റവും വലിയ പെന്തക്കോസ്തു സഭകളിൽ ഒന്നാണ് അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യയിലെയും ഏറ്റവും വലിയ പെന്തക്കോസ്തു സഭകളിൽ ഒന്നാണ്. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ പതിനായിരത്തിലധികം പേർ അംഗങ്ങളായിട്ടുള്ള ധാരാളം സഭകൾ അസംബ്ലീസ് ഓഫ് ഗോഡിന്നുണ്ട്

## ക്രൈസ്തവരെ മാതൃകയാക്കണം: റാം മാധവ്



**ന്യൂഡൽഹി:** ഇന്ത്യയിലെ മുസ്‌ലിം സമുദായം രാജ്യത്തെ ആംഗ്ളിക്കൻ ക്രിസ്ത്യൻ സമുദായത്തെ കണ്ട് പഠിക്കണമെന്ന ഉപദേശവുമായി മുതിർന്ന രാഷ്ട്രീയ സ്വയം സേവക് സംഘ് (ആർ.എസ്.എസ്) നേതാവ് റാം മാധവ് രംഗത്ത്.

അധിനിവേശക്കാരുടെ മധ്യകാല പ്രവർത്തികളെ അംഗീകരിക്കാൻ ഇന്ത്യൻ മുസ്‌ലിംകൾ മുന്നോട്ട് വരണമെന്നും അങ്ങനെ വരുമ്പോൾ നമ്മുടെ പകുതി പ്രശ്നങ്ങളും തീരുമെന്നും റാം മാധവ് പറഞ്ഞു. ഇന്ത്യൻ മുസ്‌ലിംകൾ തങ്ങളുടെ വേരുകൾ രാജ്യത്തെ ഇസ്‌ലാമിക അധിനിവേശത്തിന് മുമ്പുള്ളതാണെന്ന് അംഗീകരിക്കുകയും ഇസ്ലാമിന്റെ മധ്യകാല ചരിത്രത്തെ ഉപേക്ഷിക്കുകയും ചെയ്തു കഴിഞ്ഞാൽ, ഹിന്ദുക്കളും നൂറു കണക്കിന് വർഷങ്ങൾക്ക് മുമ്പ് നടന്ന നാശത്തെ കുറിച്ച് സംസാരിക്കുന്നത് നിർത്തും. ദി പ്രിന്റിന് നൽകിയ അഭിമുഖത്തിലാണ് റാം മാധവിന്റെ വർഗീയ പ്രസ്താവനകൾ.

## മതങ്ങൾ ബഹുമാനിക്കപ്പെടണം: ഗുട്ടറസ്



**വാഷിങ്ടൺ:** ബി.ജെ.പി നേതാക്കളുടെ പ്രവാചകനിന്ദയിൽ പ്രതികരിച്ച് ഐക്യരാഷ്ട്രസഭാ തലവൻ. എല്ലാ മതങ്ങളെയും ബഹുമാനിക്കണമെന്നും ഏതുതരത്തിലുള്ള വിദ്വേഷപ്രസംഗത്തിനും അക്രമങ്ങൾക്കും എതിരാണെന്നും യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് വ്യക്തമാക്കി.

## സഭയോട് ചേർന്ന് പ്രവർത്തിക്കും: ഫിലിപ്പീൻസ് പ്രസിഡന്റ്

**മനില:** പൊതു നന്മയ്ക്കുവേണ്ടി കത്തോലിക്ക സഭയോടൊപ്പം യോജിച്ചു പ്രവർത്തിക്കുമെന്ന നിയുക്ത ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസ് ജൂനിയറിന്റെ പ്രഖ്യാപനത്തെ സഭ സ്വാഗതം ചെയ്തു. കൂടിക്കാഴ്ച നടത്തിയപ്പോൾ നിയുക്ത പ്രസിഡന്റ് സഹകരണം വാഗ്ദാനം ചെയ്തുവെന്ന് ഫിലിപ്പീൻസിലെ വത്തിക്കാൻ പ്രതിനിധി ആർച്ച് ബിഷപ്പ് ചാൾസ് ബ്രൗൺ പറഞ്ഞു. നയതന്ത്ര പ്രതിനിധികളുമായി ഫെർഡിനാൻഡ് മാർക്കോസ് നടത്തിയ കൂടിക്കാഴ്ച പ്രോത്സാഹനപരമായിരുന്നുവെന്ന് സഭയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന റേഡിയോ വെരിത്താസിന് നൽകിയ അഭിമുഖത്തിലാണ് ആർച്ച് ബിഷപ്പ് ചാൾസ് ബ്രൗൺ പറഞ്ഞത്

## വിട ചൊല്ലി



**എറണാകുളം:** ഗുഡ് ന്യൂസ് മാനേജിംഗ് എഡിറ്ററും ഐ പി സി മുൻ ജനറൽ ട്രഷററുമായ തോമസ് വടക്കേക്കുറ്റ് വിട ചൊല്ലി. 88 വയസ്സായിരുന്നു.

കോട്ടയം സ്വദേശിയായിരുന്ന അദ്ദേഹം എർണാകുളത്തായിരുന്നു താമസം. ഗുഡ് ന്യൂസ് വാരികയുടെ ആരംഭകാലം മുതലുള്ള പ്രവർത്തങ്ങളിൽ സജീവ പങ്കാളിയായിരുന്നു. പെന്തക്കോസ്തു സഭകളുടെ ഐക്യവേദികളിൽ നിറസാനിദ്ധ്യമായിരുന്നു. ജൂൺ 9 ന് സംസ്ക്കാരം നടന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദി സോൾ വിന്നറും അനുശോചിക്കുന്നു.

## ഹോപ്പ് ഇൻ റിയോ: ഫ്രാങ്ക്ളിൻ ഗ്രഹാം

**ബ്രസിൽ:** ഇരുപതാം നൂറ്റാണ്ടിന്റെ ഉണർവ്വ് പ്രസംഗകനും ലോക പ്രശസ്ത സുവിശേഷകനുമായിരുന്ന ഡോ. ബില്ലി ഗ്രഹാമിന്റെ യഥാർത്ഥ പിൻഗാമി എന്ന് തന്നെ തെളിയിച്ച് കൊണ്ട് മുന്നേറുകയാണ് അദ്ദേഹത്തിന്റെ മകൻ കൂടിയായ ഡോ. ഫ്രാങ്ക്ളിൻ ഗ്രഹാം. കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വലിയ ജനക്കൂട്ടത്തെ ആകർഷിച്ച ഏറ്റവും വലിയ വ്യക്തിയായിരുന്നു ബില്ലിഗ്രഹാം എങ്കിൽ ഈ നൂറ്റാണ്ടിൽ ആ മാതൃക പിൻപറ്റാൻ ദൈവം ഉപയോഗിക്കുകയാണ് ഡോ. ഫ്രാങ്ക്ളിൻ ഗ്രഹാമിനെ.

ജൂൺ മാസത്തിൽ ബ്രസീലിൽ നടന്ന സുവിശേഷ ഘോഷണത്തിൽ 70000 പേരാണ് പങ്കെടുത്തത്. രാജ്യത്തെ 4000 സഭകൾ ഒരുമിച്ച് നടത്തിയ യോഗത്തിന് ഹോപ്പ് റിയോ എന്നർത്ഥം വരുന്ന തദ്ദേശീയ ഭാഷയിലെ എസ്പെർനകാ റിയോ എന്ന പേരിലാണ് സംഘാടകർ ക്രൂസേഡ് നടത്തിയത്.




നിങ്ങൾക്ക് വേണമെങ്കിൽ കോപ്ക്കാബാന ബീച്ചിലെ ഏറ്റവും വില കൂടിയ റസ്റ്റോറന്റുകൾ സ്വന്തമാക്കാം, പഞ്ചനക്ഷത്ര ഹോട്ടലുകളും വീടുകളും സ്വന്തമാക്കാം എന്നാൽ സർവ്വലോകത്തെക്കാളും വിലയേറിയ ആത്മാവിനെ നഷ്ടമാക്കിയാൽ അങ്ങനെയുള്ളവർ ഈ തലമുറയിലെ ഏറ്റവും വലിയ ബുദ്ധിഹീനനനായിരിക്കുമെന്ന് അദ്ദേഹം പ്രസംഗിച്ചു.

## പത്ത് രക്തസാക്ഷികൾ കൂടി




**കോംഗോ:** ആഫ്രിക്കൻ രാജ്യമായ ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് കോംഗോയിൽ ഇസ്ലാമിക തീവ്രവാദികൾ പത്ത് ക്രൈസ്തവരെ കൊലപ്പെടുത്തി. ജൂൺ 21 ചൊവ്വാഴ്ച ബെനി നഗരത്തിലെ മകിസാബോ എന്ന ഗ്രാമത്തിലാണ് സംഭവം നടന്നത്. 'ദ അലൈഡ് ഡെമോക്രാറ്റിക് ഫോഴ്സസ്' എന്ന സംഘടന ക്രൈസ്തവർ സഞ്ചരിക്കുകയായിരുന്ന വാഹനം തടഞ്ഞുനിർത്തി നിറയൊഴിക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ട്. വാഹനം അഗ്നിക്കിരയാക്കുകയും ചെയ്തു. സംഭവത്തിനു പിന്നാലെ ഉഗാണ്ടയെയും, കോംഗോയുടെ കിഴക്കൻ പ്രദേശത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ വഴിയിലുള്ള വാഹന ഗതാഗതം സർക്കാർ നിരോധിച്ചു.



# Putting Faith into Action

*"Consider it pure joy, my brothers and sisters, whenever you face trials of many kinds because you know that the testing of your faith produces perseverance. Let perseverance finish its work so that you may be mature and complete, not lacking anything. If any of you lacks wisdom, you should ask God, who gives generously to all without finding fault, and it will be given to you. But when you ask, you must believe and not doubt, because the one who doubts is like a wave of the sea, blown and tossed by the wind. That person should not expect to receive anything from the Lord. Such a person is double-minded and unstable in all they do. Blessed is the one who perseveres under trial because, having stood the test, that person will receive the crown of life that the Lord has promised to those who love him." (James 1: 2-8, 12).*

**A WORD FROM THE PRESIDENT**



BRO. DANIEL EASO

James is writing to this group of people who are in a heap of trouble. Their faith has been tested. And, what James wants to tell them, in terms that become applicable to us today as well, is that faith in God works even in times when your faith is being tested. Troubles are there. The devil would like you to get into those troubles and create fear and defeat. In those same troubles God works, and He can bring victory, faith, and hope and we become stronger.

James is talking about faith in action here. The faith that was not used is dead faith, but faith in action has a tremendous outcome. He begins with this term, "consider it pure joy" (vs. 2). The outcome of your trouble when you put your faith in action is pure joy. And conversely, if you don't put your faith into action, the outcome of this trouble may be just the opposite of what you've hoped for. James says you could become weaker (vs. 4), you cannot gain wisdom or experience (vs. 4), your faith may not increase (vs. 6), and you may become double-minded (vs. 8) and unstable (vs. 8). So, James says to put your faith into action. How do you do that? Consider it pure joy. He is telling us to look to God. If you look to God in those times of trouble, here is what you receive. You receive the joy of the Lord (vs. 3), you receive endurance from God (vs. 3), you receive wisdom from God (vs. 5), you receive faith in God (vs. 6), and you receive stability in God as your rock and fort and strength (vs. 8), and you receive a blessing from God that comes from Him (vs. 12). So, the outcome of this is to consider it pure joy. What is pure joy? The word joy is confidence, it is the idea of abiding in the Lord. It is the trust in God- if I go through troubles or if I am going through times of rejoicing God is always with me. The steadfast love of God never ceases, His mercies never come to an end, His faithfulness is to all generations, He seeks to bless and put favor upon His people, that is a joy that then gives you confidence in the abiding presence of God that then becomes your strength. James is saying to consider it with confidence. It's not a happy situation but you know through faith and assurance, that God is in this, and God is going to bring about whatever He wants to bring out of this.

Think about Nehemiah, when He is given the task, and he had the passion to rebuild the walls of Jerusalem. It has taken them years and years and they had not completed the wall. Nehemiah hears about this, and he gets stressed, he gets permission, and he goes there. They begin to build the wall; this huge building project is going on and God really working. And then all of a sudden, the opposition shows up and the troubles begin to mount, and the people become discouraged, fearful, and demoralized. And Nehemiah took the people and said, "Look, you need to understand something, God wants us to build this wall. This is what God wants us to do, this is His plan, we going to rebuild this wall because the joy of the Lord is your strength." (Nehemiah 8:10). That's the confidence, that's the trust, the strength that comes from it. Consider it pure joy. I am going through this trouble, I am going to look to God, I expect that God will be with me, and I am going to trust in Lord, and the joy of the Lord will be my strength.

What possible benefits would come out of trouble? Testing your faith creates benefits, sometimes the benefits are just for me, sometimes the benefits are for me plus others, but sometimes the benefits are just for others, it's not necessarily for you. In the story of Joseph, when he was just seventeen years old, his brothers did a horrible and cruel thing to him- sold him into slavery in Egypt. And Joseph spends the rest of his life in a foreign country, separated from his family for many decades. But all through that time, we find in the life of Joseph, that he put his faith into action, he is always trusting God, he has confidence in God, whether he is a slave, whether he is in prison, whether he is in the administration of Pharaoh or the prime minister. He always puts his trust in God. And then one day, decades later, he has the very unique opportunity to confront his brothers, who had ruined his life, and then when the brothers hear that Joseph is the one there standing before with the power that he has, they absolutely got terrified. And Joseph then says, "You intended to harm me, but God intended it for good to accomplish what is now being done, the saving of many lives." (Genesis 50:20). God is always working; we want faith working in the trouble to bring about what God wants to desire. We don't want the devil working in it and causing fear and ruin. So, like Joseph sometimes, what happens to us may benefit others.

To consider it pure joy is also a choice. It's a decision. It's an accounting term. It's where at the beginning of trouble you are saying when I get through this trouble, I want to come out stronger and better. I don't want to be bitter; I don't want to be weaker, I want to learn something, I want my faith stronger, I want to be solid on the rock of Jesus Christ, and I want the blessing and favor of God upon me.

The testing is going to come. Why the testing? Because God wants to see the growth in us. "The testing of your faith produces perseverance. Let perseverance finish its work so that you may be mature and complete, not lacking anything." (vs. 3-4). Your faith produces growth in your staying power. That's your endurance, that's your resilience, that's finding the inner strength that you didn't know you had. And sometimes, the only way you know where you are in your faith is when the test comes. And then you find out what sort of staying power you've, what sort of resilience you've. And you also discover things about yourself you may not know you had. Even if the trouble didn't come from God but God is in that trouble and in that faith, that's working and He is saying, I know that you have greater strength and you didn't realize, you discover the joy and confidence in me and you grow in your perseverance. I love this term- not lacking anything (vs. 4). Not lacking anything is a military term. It means a group of soldiers who are facing possible defeat, and then here comes the supplies, here comes the reinforcements and the soldiers find this inner strength and resilience and they snatch victory out of defeat because of their strength. And this is what God is telling us- I want you to have that perseverance, that staying power, that strength that comes from this, grow in your perseverance, grow in wisdom. "If any of you lacks wisdom, you should ask God, who gives generously to all without finding fault." (vs. 5). You may need to know something, you may need to know how to put it into action, but whatever that wisdom is God will give us that wisdom during the time of trouble. He will not leave us hanging. If we ask Him for wisdom, He will not leave us out trying to figure it out by ourselves.

James says, "But when you ask, you must believe and not doubt, because the one who doubts is like a wave of the sea, blown and tossed by the wind." (vs. 6). That's why James says in vs. 7-8 that if you don't do then you should not expect anything from God, "That person should not expect to receive anything from the Lord. Such a person is double-minded and unstable in all they do."

Here is the blessing. In those troubles that could defeat you and discourage you and destroy you, God says, "Blessed is the one who perseveres under trial because, having stood the test, that person will receive the crown of life that the Lord has promised to those who love him." (vs. 12). Don't these verses encourage you to strengthen your faith and increase your hope in our Lord and Savior Jesus Christ? Faith works.

# ആഗ്നസും, ഇജനാഡയും ബോക്കോ ഹറാം ഭാര്യമാർ

ക്രൈസ്തവഹത്യക്ക് കുപ്രസിദ്ധി നേടി നൈജീരിയിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ മാത്രം കൊല്ലപ്പെട്ടത് 3462 ലധികം ക്രൈസ്തവരാണ് എന്നാണ് റിപ്പോർട്ട്. ക്രിസ്ത്യാനികൾക്ക് നേരിടേണ്ടി വരുന്ന മതപീഡനങ്ങളെ കുറിച്ച് പരിശോധിച്ചു കൊണ്ടിരിക്കുന്ന 'ദി ഇന്റർനാഷണൽ സിവിൽ ലിബർട്ടീസ് ആൻഡ് റൂൾ ഓഫ് ലോ' ആണ് ഞെട്ടിപ്പിക്കുന്ന റിപ്പോർട്ട് പുറത്തുവിട്ടിരിക്കുന്നത്.

ശരാശരി 17 ക്രൈസ്തവരാണ് നൈജീരിയയിൽ ഒരു ദിവസം കൊല്ലപ്പെടുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ മെയ് 11 ന് പുറത്തുവിട്ട റിപ്പോർട്ടിൽ 1,470 ക്രിസ്ത്യാനികളാണ് കൊല്ലപ്പെട്ടിരിക്കുന്നത്. എന്നാൽ മെയ് 1 മുതൽ ജൂലൈ 18 വരെയുള്ള 80 ദിവസങ്ങൾക്കുള്ളിൽ കൊല്ലപ്പെട്ട ക്രിസ്ത്യാനികളുടെ എണ്ണം 1,992 അണ്. ഈ എൺപതു ദിവസങ്ങൾക്കുള്ളിൽ 780 ക്രിസ്ത്യാനികൾ തട്ടിക്കൊണ്ടുപോകലിന് ഇരയായെന്നും റിപ്പോർട്ടിൽ പറയുന്നു. കൂടാതെ 2021 ജനുവരി മുതൽ ഇതുവരെ മുന്നൂറിലധികം ദേവാലയങ്ങളാണ് നൈജീരിയായിൽ നശിപ്പിക്കപ്പെട്ടത്, ഇതേകാലയളവിൽ തന്നെ ചുരുങ്ങിയത് പത്തിലധികം വൈദികരെയും മിഷനറിമാരെയും തീവ്രവാദികൾ കൊല്ലുകയോ തട്ടിക്കൊണ്ടുപോകുകയോ ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

ഓരോ വർഷവും നൈജീരിയയിൽ ആയിരക്കണക്കിന് ക്രൈസ്തവരായ സ്ത്രീകളെയാണ് ഇസ്ലാമിക തീവ്രവാദ ഗ്രൂപ്പുകൾ തട്ടിക്കൊണ്ടുപോയി ലൈംഗിക അടിമത്തത്തിലേക്ക് ആക്കുന്നത്.

ചിലർ അടിമത്തത്തിൽ നിന്ന് രക്ഷപ്പെടുന്നു എങ്കിലും, അവർ ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കും തിരികെ പോകുമ്പോൾ ആണ് തിരസ്ക്കരണത്തിന്റെ തീവ്രത അനുഭവിക്കുന്നത്. തന്റെ രണ്ട് സുഹൃത്തുക്കളോടൊപ്പം തട്ടിക്കൊണ്ടുപോകപ്പെട്ട ഒരു സ്ത്രീയാണ് ആഗ്നസ്. ബന്ദികളാക്കിയ അവരെ വളരെ മൃഗീയമായിട്ടാണ് മർദ്ധിച്ചിരുന്നത്. പലപ്പോഴും അബോധാവസ്ഥയിലാവുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ചില ദിവസങ്ങൾ കഴിഞ്ഞ് ആഗ്നസിനെ വീട്ടിലേക്ക് മടങ്ങാൻ അനുവദിച്ചപ്പോൾ, അവളുടെ സുഹൃത്തുക്കൾ രണ്ട് പേരും കൊല്ലപ്പെടുകയാണുണ്ടായത്. വീട്ടിലേക്ക് മടങ്ങിയ അവർക്ക് പ്രതീക്ഷിച്ച സ്വീകരണം ഒന്നും ആയിരുന്നില്ല ലഭിച്ചത്.



ആഗ്നസ് പറയുന്നു, 'എനിക്ക് സ്വാതന്ത്ര്യം ലഭിച്ച ദിവസം, എന്റെ ഹൃദയത്തിൽ വളരെയധികം സന്തോഷം തോന്നി.' എന്നാൽ വീട്ടിലേക്ക് മടങ്ങിയപ്പോൾ ആ സന്തോഷമെല്ലാം പെട്ടെന്ന് മങ്ങി പോയി. ബോക്കോ ഹറാം ക്യാമ്പിൽ നിന്ന് രക്ഷപ്പെട്ട ആഗ്നസ് ഒടുവിൽ തന്റെ വീടിനടുത്തുള്ള മറൊരു ഗ്രാമത്തിലേക്കുള്ള വഴി കണ്ടെത്തി. പട്ടാളക്കാർ അവളെ കൂട്ടിക്കൊണ്ടുപോയി ഒരു ക്യാമ്പിലേക്ക് മാറ്റി, അവിടെ തന്റെ കുടുംബക്കാർ വന്ന് അവരെ സ്വീകരിക്കുമെന്ന് അവർ കാത്തിരുന്നു.

'ഞാൻ അത്ഭുതപ്പെടാൻ തുടങ്ങി', അവർ പറഞ്ഞ് തുടങ്ങി. "ഞാൻ സൈനികർക്കൊപ്പമാണ് താമസിച്ചത്, പക്ഷേ എന്റെ കുടുംബത്തിലെ ആരും എന്നെ ഇതുവരെ സ്വീകരിക്കാൻ എത്തിയില്ല." ബന്ധുക്കൾ ആരും എന്നെ കാണാൻ പോലും വന്നില്ല, എന്റെ അമ്മയും അപ്പനും വളരെ അകലെയുള്ള, മറ്റൊരു നഗരത്തിലാണ് താമസിക്കുന്നത്. അവർക്ക് എന്റെ അടുക്കൽ എത്താൻ കഴിയില്ല.

എന്നാൽ സമീപത്ത് താമസിക്കുന്ന ബന്ധുക്കളും സുഹൃത്തുക്കളും എന്നെ വന്ന് സ്വീകരിക്കുമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷെ അവർ വന്നില്ല കാരണം അവർ എന്നെ 'ബോക്കോ ഹറാം ഭാര്യ' ആയി കണക്കാക്കി.

അവർ ഇതിനോടകം എന്നെ കുറ്റംവിധിച്ചിരുന്നു.

ഒടുവിൽ എല്ലാ പ്രതിസന്ധികളെയും അവഗണിച്ച് ആഗ്നസ് വീട്ടിലെത്തി, പക്ഷേ സമൂഹം അകറ്റി നിർത്തിയതും അവരെ അവഗണിച്ചതും അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അവൾ പിന്നെയും പറയുഞ്ഞു, ഞാൻ വീട്ടിൽ തിരിച്ചെത്തിയ ശേഷം, ആളുകൾ എന്നെക്കുറിച്ച് സംസാരിക്കുന്നത് കേട്ട് ഞാൻ വീട്ടിൽ നിന്ന് ഇറങ്ങാൻ തീരുമാനിച്ചു.

എന്നോട് എന്റെ വീട്ടുകാർ ആരും ഒരു സ്നേഹവും കാണിച്ചില്ല, എന്നെ സ്വീകരിക്കാനും ആരും വന്നില്ല, അവർ എന്നെ പരിഹസിക്കുകയും നെടുവീർപ്പെടുകയും ചെയ്യുക മാത്രമാണ് ചെയ്തത്. ആ സമയത്ത് അവരുടെ സഹോദരിയോട് പറഞ്ഞു, എന്നോട് ഇങ്ങനെ പെരുമാറുമെന്ന് എനിക്കറിയാമായിരുന്നെങ്കിൽ, ഞാൻ കാട്ടിൽ തന്നെ തുടരുകയും അല്ലെങ്കിൽ അവിടെ തന്നെ മരിക്കുകയും ചെയ്യുമായിരുന്നു.




തട്ടിക്കൊണ്ടുപോകലിന് ഇരയായ മറ്റൊരു ക്രിസ്ത്യൻ സ്ത്രീയാണ് ഇജാനദ. അവർക്ക് 16 വയസ്സുള്ളപ്പോൾ ബൊലക്കറാം തീവ്രവാതികൾ തട്ടിപ്പോകുകയും ഒരു സൈനികൻ ബലമായി അവരെ വിവാഹം കഴിക്കുകയും ചെയ്തു. ഏകദേശം നാല് വർഷത്തോളം തടവിൽ കഴിഞ്ഞിരുന്ന അവർ ലൂക്ക എന്ന ഒരു കുട്ടിയെ പ്രസവിക്കുകയും രണ്ടാമത്തെ കുട്ടിയായ വാരസിനി എന്ന മകളെ ഗർഭം ധരിക്കുകയും ചെയ്തു. ഒടുവിൽ അവസരം കിട്ടിയപ്പോൾ, അവർ രക്ഷപ്പെട്ടു.



ഇജാനദയും പറഞ്ഞു ആളുകളെല്ലാവരും തന്നെയും പരിഹസിക്കുകയും അപമാനിക്കുകയും ചെയ്തു. ബലാത്സംഗത്തിനിരയാക്കപ്പെടുകയോ ബോക്കോ ഹറാം സൈനികരെ നിർബന്ധിത വിവാഹം കഴിക്കുകയോ ചെയ്ത ശേഷം ഗർഭിണികളാകുന്ന സ്ത്രീകൾക്ക് തങ്ങൾക്ക് ജനിക്കുന്ന കുട്ടികളെ സ്നേഹിക്കാനോ പരിപാലിക്കാനോ കഴിയാറില്ലന്ന് ഓപ്പൺ ഡോർസിന്റെ ട്രോമ കെയർ വർക്കർ തിർഹാം പറയുന്നു.

പലപ്പോഴും കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്ന സ്ത്രീകൾ, തങ്ങളുടെ കുഞ്ഞുങ്ങൾ തങ്ങളുടേതല്ലന്ന് കരുതേണ്ടി വരുന്നു. കാരണം മറ്റുള്ളവർ കുട്ടികളെ കുറ്റവാളികളെ പോലെയാണ് കാണുന്നത്.


**തയ്യാറാക്കിയത്**



**പീരുമേട് ക്ലീറ്റസ്**

# യഹൂദന്മാരുടെ സ്മരണീകമായ മാളയിലെ ശവകുടീരങ്ങൾ



ഷാജി ആലുവിള

ചരിത്രങ്ങളിൽ വലിയ സ്ഥാനം ഉണ്ട് ശവകുടീരങ്ങൾക്ക്. കാരണം ജീവിച്ചിരുന്നവരുടെ ഓർമ്മകളും ചരിത്രവും, മാഞ്ഞുപോകാത്ത അനുഭവങ്ങളായി, നിശബ്ദതയോടെ നമ്മോടു സംസാരിക്കുന്നു, അവർ അന്ത്യ വിശ്രമം കൊള്ളുന്ന അനേക കല്ലറകളിലൂടെ. പ്രഗൽഭരും പ്രശസ്തരുമായ ഒട്ടനവധിപ്പേരുടെ അനുസ്മരണ

സ്തൂപങ്ങളാണ് ലോകത്തിലെ ചില ശവക്കല്ലറകൾ. അനേക മഹാൻമാരുടെ കല്ലറകൾ ഭൂമിയിൽ ഉണ്ടങ്കിലും യേശു ക്രിസ്തുവിന്റെ കല്ലറയല്ലാതെ മറ്റൊരെണ്ണം ലോകത്ത് എവിടെയും മൃതുശരീരം ഇല്ലാതെ തുറന്നു കിടപ്പില്ലാതാനും. ക്രിസ്തീയ വിശ്വാസ പ്രമാണം അനുസരിച്ച് മശിഹായുടെ രണ്ടാം വരവിൽ കല്ലറകൾ തുറക്കപ്പെട്ട് വിശുദ്ധന്മാർ ആരോഹണം ചെയ്യപ്പെടുമെന്നു വിശ്വസിക്കുന്നു. ലോകാവസാനത്തിലുള്ള വിധി നിർണയ ദിവസത്തിൽ അവരുടെ കല്ലറകൾ തുറക്കപ്പെടുമെന്നു ജൂതരും വിശ്വസിക്കുന്നു. അതുകൊണ്ടു തന്നെയാണ് തൃശൂർ ജില്ലയിലെ മാളയിൽ യഹൂദന്മാരുടെ ശവകല്ലറകൾ അവരുടെ സ്മാരകമായി യഹൂദർ നിലനിർത്തിയിരിക്കുന്നതും.

1568 ൽ ഒരു കൂട്ടം യഹൂദന്മാർ അഭയാർഥികളായി സ്പെയിനിൽ നിന്നും കേരളത്തിൽ എത്തി. അവർ വളരെ സമ്പന്നരായ വ്യവസായികൾ ആയിരുന്നു. മട്ടാഞ്ചേരിയിൽ ആയിരുന്നു അവരുടെ വ്യവസായ കേന്ദ്രം. അവർ കൊച്ചി രാജാവിനെ സമീപിച്ചു ധാരാളം കാഴ്ച വസ്തുക്കൾ ( കാഴ്ച ദ്രവ്യങ്ങൾ) സമർപ്പിച്ചു. തുടർന്ന് ജൂതപള്ളി അഥവാ സിനഗോഗിനും, അവർക്കുള്ള പട്ടണവും സ്ഥാപിക്കാൻ വേണ്ട അനുവാദം വാങ്ങിച്ചു. അവർ പണിത സിനഗോഗ് ചിത്രപണികളോടും അലങ്കാര ദീപത്തോടും ഇന്നും തല ഉയർത്തി മട്ടാഞ്ചേരിയിൽ നില നിൽക്കുന്നു ഏകദേശം 454 വർഷം പഴക്കം അതിനുണ്ടായിട്ടും.

ഇവിടെ വന്നിറങ്ങിയ ജൂതൻമാരിൽ, രണ്ടു വിഭാഗങ്ങളായി അവരുടെ ഇടയിൽ വേർകൃത്യം ഉണ്ടായിരുന്നു കറുത്തവരെന്നും, വെളുത്തവരെന്നും ഉള്ള വെത്യാസം. മാളയിലെ യഹൂദ സമൂഹത്തിന്റെ ചരിത്രം കേരളാ ചരിത്രത്തിന്റെ പൗരണികതയിലേക്കുതന്നെ വെളിച്ചം വീശുന്ന ഒന്നാണ്. ഏകദേശം ആയിരം വർഷങ്ങൾക്ക് മുൻമ്പ് കൊടുങ്ങല്ലൂരിൽ എത്തിയ യെഹൂദ വംശീയർക്ക് രാജാവ് നൽകിയ സഹായത്താൽ അമ്പതോളം കുടുംബങ്ങൾ സ്ഥിരം തമാസിക്കുവാനുള്ള അനുമതി ലഭിച്ചു. കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയവരിൽ ചിലരാണോ മാളയിൽ തങ്ങിയതെന്നും, അതോ മട്ടാഞ്ചേരിയിൽ നിന്ന് കച്ചവടത്തിനായി മാള അങ്ങാടിയിൽ വന്നവരാണോ ഇവിടെ സ്ഥിര താമസക്കാരായത് എനും വ്യക്തത ഇപ്പോഴും ഇല്ല. മാള അങ്ങാടിയിൽ സ്ഥിരം താമസം ആക്കിയ ഇവർ കച്ചവട സമൂഹങ്ങളായിട്ടാണ് ജീവിച്ചത്. മിക്കവാറും എല്ലാവരുടെയും താമസവും പീടികയും ഒന്നിച്ചായിരുന്നു. അതിൽ ചിലത് ഇപ്പൊഴും മാളയിൽ അവശേഷിക്കുന്നു.

മാള എന്ന പേരിന്റെ അർത്ഥം തന്നെ അഭയകേന്ദ്രം എന്നാണ്. മൂലഭാഷയിൽ ‘മാൾഹാ’ എന്നാണ് വിളിക്കുന്നത്. പഴയ ഏഴ് ജൂതസാങ്കേതങ്ങളിലെ ഒന്നാണ് മാള. അത് അന്താരാഷ്ട്ര ജൂത കേന്ദ്രം കൂടി ആയി വളർന്നു. തൃശ്ശൂർ ജില്ലയുടെ തെക്കൻ ഭാഗത്ത് ചാലക്കുടിയിൽ നിന്നും ഏകദേശം 12 കിലോമീറ്റർ പടിഞ്ഞാറ് ഭാഗത്താണ് മാള സ്ഥിതി ചെയ്യുന്നത്. കൊടുങ്ങല്ലൂരിനും ഏകാദശാം അടുത്തു തന്നെയാണ് മാള. യഹൂദ വിശ്വാസം കൈവിടാതെ കേരളീയരിൽ കേരളക്കാരയി ജീവിച്ച് കേരളത്തിന്റെ പല ആചാരനുഷ്ഠാനങ്ങൾ സ്വീകരിക്കയും ചെയ്തു. സഹസ്രാബ്ദങ്ങൾക്കു മുമ്പ് പീഡനങ്ങൾ അനുഭവിക്കേണ്ടി വന്ന ഇവർ കേരളത്തിന്റെ പടിഞ്ഞാറെ തീരത്തേക്ക് വൻ തോതിൽ കുടിയേറുകയായിരുന്നു. ഏ. ഡി. ഒന്നാം നൂറ്റാണ്ടിൽ ബാബിലോണിലെ രണ്ടാമത്തെ പള്ളി തകർക്കപ്പെട്ടപ്പോൾ ആണെന്ന് അനുമാനിക്കുന്നു ഇവരുടെ വരവ്. ഉയിരു കാക്കാനും പശി മാറ്റാനുമായി ലോക്കമെമ്പാടും അലഞ്ഞുനടന്നവർക്ക്, അഭയം കൊടുത്ത തീരങ്ങളിൽ ഒന്നാണ് മാള. ശലോമോൻ രാജാവിന്റെ കാലത്ത് മൂന്നു കൊല്ലം കൂടുമ്പോൾ, സ്വർണം, വെള്ളി, ആനക്കൊമ്പ്, ചന്ദനം, മയിൽ, കുരങ്ങകുൾ എന്നിവയെ ഇവിടെ നിന്നും ഇവർ കൊണ്ടുപോയിരുന്നതായും ചരിത്രം പറയുന്നുണ്ട്.

1948 ൽ ഇസ്രായേലിന്റെ രൂപവത്ക്കരണത്തോടെ മിക്ക യഹൂദരും കടൽ കടന്നു പോയി തുടങ്ങി. നീണ്ട കാലത്തെ അധിവാസത്തിന്റെ ശേഷിപ്പുകളായി മാളയുടെ ഹൃദയ ഭാഗത്ത് നിലനിൽക്കുന്ന ‘സിനഗോഗ്’ എന്ന അവരുടെ പള്ളിയും, നൂറു കണക്കിന് ജൂതന്മാർ അന്ത്യവിശ്രമം കൊള്ളുന്ന ശ്മശാനവും (സെമിത്തേരി) അവരുടെ സ്മരണീയങ്ങളാണ്. ചരിത്ര വിശിഷ്ടവും, സ്മാരകങ്ങളും ഒരു നാടും ജനതയും ജീവിച്ച കാലത്തിന്റെയും ജീവിതത്തിന്റെയും ശേഷിപ്പുകളാണ്. അതുകൊണ്ടാണ് യുദ്ധങ്ങളിൽ സ്മാരകങ്ങൾ ചരിത്രശേഷിപ്പുകളായി നിർത്താതെ തകർത്തുകളയുന്നത്. മാളയിൽ നിലനിൽക്കുന്ന സിനഗോഗും, ശവ കുടീരവും കാലഹാരണപ്പെടുത്തുന്നതും അവരുടെ ചരിത്രം മായിച്ചു കളയാനാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സംരക്ഷണ ഭിത്തികൾ തകർന്ന് മാലിന്യ നിക്ഷേപ കേന്ദ്രമായി മാറിയിരുന്നു ചില മാസങ്ങൾക്ക് മുമ്പ് വരെ മാളയിലെ ജൂത സെമിത്തേരി. കാട് കയറി നശിച്ചു പോകുകയാണ് സിനഗോഗും.

1955 ൽ അവസാനത്തെ ജൂത സംഘവും ഇസ്രായേലിലേക്ക് പോകും മുമ്പ് തങ്ങളുടെ സ്വത്തുക്കൾ എല്ലാം മാള പഞ്ചായത്തിന് ഇഷ്ടദാനം എഴുതി ക്കൊടുത്തു. പകരം തങ്ങളുടെ പിതാമഹാന്മാർ വിശ്രമം കൊള്ളുന്ന സെമിത്തേരിയും, ആരാധനാലയാവുമായ സിനഗോഗും ലോകം ഉള്ള കാലം വരെ സംരക്ഷിക്കണമെന്നും കരാറുണ്ടാക്കി രജിസ്റ്റർ ചെയ്താണ് അവർ തിരികെ പോയത്. ഒരിക്കലും വിൽക്കാൻ സാധിക്കാത്ത രണ്ടു കാര്യങ്ങളുടെ പേരിൽ മാത്രമാണ് അവർ വിഷണ്ണർ ആയത്. വിശുദ്ധമായ തങ്ങളുടെ പള്ളിയും (സിനഗോഗ്) പൂർവ്വികർ അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരിയും. യഹൂദവംശത്തിന്റെ വരും തലമുറയ്ക്കായി ഇവ രണ്ടും സംരക്ഷിക്കപ്പെടണമെന്നുമായിരുന്നു അന്നത്തെ മാള പഞ്ചായത്ത് അധികാരികളുമായി ജൂതന്മാർ ഉണ്ടാക്കിയ കരാർ. കേരളത്തിലോ മറ്റോരിടത്തോ ഇതുപോലെ ഒരു കരാർ



കാണില്ല. എന്തുകൊണ്ടും പ്രത്യേകതയുള്ള ഈ ഉടമ്പടി മാളയിൽ നിന്നും ഇനി ലംഘിക്കപ്പെടരുത്. രാജ്യത്തെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര സംസ്ഥാനങ്ങൾ പൊതുനിയമം കൊണ്ടുവരുന്നത് 1958ലും 64 ഉം ആയിട്ടാണ്. അതിനു മുന്നമേ തന്നെ ഒരു ചെറിയ പഞ്ചായത്ത് ഇങ്ങനെ ഒരു സംരക്ഷണ കരാർ ഉണ്ടാക്കിയതിൽ മാളക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. വേദനയോടെ പറയട്ടെ ഇന്ന് ഈ കരാർ വെറും പഴംകഥയായി മാറിക്കൊണ്ടിരിക്കുന്നു. അതതു വർഷം അറ്റകുറ്റപ്പണികൾ നടത്തി അതിരുകൾ സംരക്ഷിക്കാമെന്ന് കരാർ ഉണ്ടങ്കിലും പഞ്ചായത്ത് അധികാരികൾ മാറി മാറി വന്നപ്പോൾ സിനഗോഗ് ആദ്യം സ്കൂൾ ആയും, പിന്നീട് കമ്മ്യൂണിറ്റി ഹോളയും ഒക്കെ അവർ മാറ്റി. ഇന്നത് നിലംപൊത്തുമോ എന്നും സംശയിക്കേണ്ടി ഇരിക്കുന്നു. സെമിത്തേരിയിൽ ഉണ്ടായിരുന്ന മരങ്ങളൊക്കെ ആരൊക്കെയോ കൊണ്ടുപോയി. നാല് ഏക്കർ വ്യാപിച്ചു കിടന്ന സെമിത്തേരി ചുറ്റു മതിൽ പൊളിഞ്ഞു ചുരുങ്ങി ചുരുങ്ങി കിടപ്പായിരുന്നു വർഷങ്ങളായി. ചില മാസങ്ങൾക്ക് മുമ്പ് സെമിത്തേരിയുടെ ചുറ്റുമതിലുകൾ നന്നായി പണിതുയർത്തി ഗ്രില്ലുകൾ വെച്ചു മനോഹരമായ നിലയിൽ സുരക്ഷിതമാക്കി പഞ്ചായത്ത് അധികാരികൾ. സംരക്ഷക പഞ്ചായത്ത് അധികാരികൾക്ക് അഭിനന്ദനങ്ങൾ. ഇവിടെ ഉണ്ടായിരുന്ന പല ജൂത പെൺകുട്ടികളെയും ഹൈന്ദവർക്ക് വേളികഴിപ്പിച്ചാണ് അവരുടെ മാതാപിതാക്കൻമാർ തിരികെ പോയത്. ഇന്നും ഇവിടെ മരണപ്പെട്ടു പോയവരുടെ പിന്തലമുറ ചില വർഷങ്ങൾ കൂടുമ്പോൾ ജൂതക്കല്ലറ സന്ദർശിക്കയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കല്ലറകളിൽ ഉറങ്ങുന്നവർക്ക് ശബ്ദം ഇല്ല, പക്ഷെ വരുന്ന ജൂതർ മൗനമായി കല്ലറയോട് സംസാരിക്കുന്നു. പിൻഗാമികൾ എല്ലാം ഇപ്പോൾ പോയി കഴിഞ്ഞു. മാള സർക്കാർ ആശുപത്രിയിൽ ഒരു ജൂത സ്ത്രീ ഡോക്ടർ ആയി ഈ അടുത്ത കാലം വരെ സേവനം ചെയ്തിരുന്നു. നശിച്ചുപോകുന്ന സ്മാരകങ്ങൾ നോക്കി നേടുവീർപ്പിടുന്നു ഈ ജൂത സ്ത്രീ. ഇവരുടെയും സാമൂഹിക സ്നേഹികളുടെയും, പൗരസമിതിയുടെയും നിരന്തരമായ ഇടപെടൽ ആകാം അധികാരികളുടെ കണ്ണുതുറപ്പിച്ചത്.

ഇപ്പോൾ മൂന്ന് ശവകുടീരങ്ങളാണ് അവരുടെ ആചാരത്തിൽ മാള അങ്ങാടിക്കു കിഴക്കുഭാഗത്തു ഉയർന്നു നിൽക്കുന്നത്. മുപ്പതിൽപ്പരം കല്ലറകൾ ഉള്ളപ്പോൾ ആണ് ഇത് പഞ്ചായത്തിന് കൈമാറി അവർ പാലായനം ചെയ്തത്. ഇപ്പോൾ അത് കേവലം മൂന്നായി മാറി. മറ്റുള്ളത് തകർക്കപ്പെട്ടിരിക്കുന്നു അല്ലങ്കിൽ മണ്മറഞ്ഞിരിക്കുന്നു. ശേഷിച്ചിരിക്കുന്ന കല്ലറകളിൽ എബ്രായ ഭാഷയിൽ മരണപ്പെട്ടവരുടെ പേരും വിലാസവും പ്രായവും ലിഖിതം ചെയ്തിരിക്കുന്നു. അവയും വരും കാലങ്ങളിൽ സംരക്ഷിക്കപ്പെടുമോ എന്നു സംശയിക്കേണ്ടി ഇരിക്കുന്നു. തകർന്നു പോകുന്ന മാളയിലെ ജൂത കല്ലറകൾ അവരുടെ മതവിശ്വാസത്തിന്റെ അതിപ്രാധന്യമുള്ള ഭാഗമാണ്. ഇവിടെയുണ്ടായിരുന്ന ജൂതൻമാരുടെ പിന്തലമുറക്കാർ അവരുടെ പൈതൃക ഭൂമിയായിട്ടാണ് മാളയെ കാണുന്നത്. മതേതരത്വത്തെ പറ്റി പറയുന്നവർ ഒരു കാലത്ത് ഈ നാടിന്റെ നന്മക്കായി പ്രവർത്തിച്ച ന്യൂനപക്ഷത്തെ വെറുക്കുന്നു എന്ന് തോന്നിപ്പോയിട്ടുണ്ട് സെമിത്തേരിയുടെ പഴയ ശോചനീയ അവസ്ഥ കണ്ടിട്ട്. ഇനി എന്നും ആ സ്മരണീയ ശേഷിപ്പുകൾ സംരക്ഷിക്കപ്പെടുകതന്നെ വേണം. അത് ആരുടെ തന്നെയായാലും അല്ലങ്കിൽ ഓർമ്മകളോടുള്ള നീതി കേടായിരിക്കും നമ്മൾ ചെയ്യുന്നത്.

‘മാൾഹ’ എന്ന ‘മാള’ യഥാർഥത്തിൽ യെഹൂദർക്ക് ഓരു അഭയകേന്ദ്രം തന്നെ ആയിരുന്നു. സാഹോദര്യത്തിന്റെയും സ്നേഹാദരവുകളുടെയും പച്ചപ്പകിട്ടാർന്ന മാള ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട നാടുതന്നെ ആണ് ഇപ്പോഴും. ലേഖകൻ ഈ മാളയിൽ മൂന്നുവർഷം ശുശ്രൂഷയിൽ ഉണ്ടായിരുന്നു. യെഹൂദ സംസ്കാരത്തെ മാളയുടെ മടിത്തട്ടിൽ ഏറ്റുവാങ്ങിയ മാളക്കാർ ഇന്നും അതേ സ്നേഹത്തിൽ മറ്റുള്ളവരെ കാണുന്നു എന്നുള്ള സത്യം, അന്ന് എനിക്കും മനസിലായി. എല്ലാ മതവിഭാഗങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഈ നാടിനെ ചരിത്രത്തിന്റെ ഭാഗമാക്കിയ ജൂതരുടെ ഓർമ്മകൾ മാഞ്ഞുപോകാതെ കാത്തുസൂക്ഷിക്കണം, മരിച്ചവരുടെ സ്മരണകൾ ഓർമ്മിപ്പിക്കുന്ന കല്ലറകളും, അവരുടെ ആത്മീയ വിശ്വാസത്തിന്റെ സിനഗോഗുകളും തകർക്കപ്പെടരുത്. അതു തകർക്കപ്പെട്ടാൽ നാം ഉൾക്കൊണ്ട് നമ്മളിൽ ഒരാളായി കൂടെ കൂട്ടിയ മറ്റൊരു സംസ്ക്കാരത്തിന്റെ സ്മരണീയ ചരിത്രം തുടച്ചു മാറ്റപ്പെടും. അരുത്, അങ്ങനെ സംഭവിക്കാതെ ഇരിക്കട്ടെ. വരും തലമുറയും മാളയുടെ മാഹാത്മ്യം മനസിലാക്കി മുന്നേറട്ടെ ലോകം ഉള്ള കാലത്തോളം..










# തടങ്കൽ പാളയത്തെ അതിജീവിച്ച ലാവോ ഗായി



ബിജു തങ്കച്ചൻ
കാശ്മീർ

**ചൈനക്ക് ഭീഷണി ഉയർത്തുന്ന തടവുകാരെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനുഭാവികളാക്കി തീർക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് തടങ്കൽ പാളയങ്ങൾ.**

ചൈനയിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന് ഭീഷണിയായിട്ടുള്ളവരെ പാർപ്പിക്കുന്ന തടങ്കൽ പാളയത്തിലെ തടവുകാരെ സംബാധന ചെയ്യുന്ന പേരാണ് “ലാവോ ഗായി”. ചൈനക്ക് ഭീഷണി ഉയർത്തുന്ന തടവുകാരെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനുഭാവികളാക്കി തീർക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് ഈ തടങ്കൽ പാളയങ്ങൾ.

ചൈനീസ് ഗുലാലിന്റെ ഭീകരതയിൽ നിന്നും രക്ഷപ്പെട്ട നിരവതി രാഷ്ട്രീയ തടവുകാരായിരുന്നവർ പങ്ക് വച്ച ഭീകരമായ അനുഭവങ്ങൾ വായനക്കാർ ധാരാളം അറിഞ്ഞിട്ടുണ്ട്. നിലവിൽ തടങ്കലിൽ ഉള്ള ഒരു പുതിയ ആളുകളാണ് ഉയ്ഗൂർ വംശജരായ മുസ്ലീംങ്ങൾ. ഈ സമുദായത്തിൽപ്പെട്ട മൂന്ന് ലക്ഷത്തോളം പേർ തടങ്കലിലാണന്നാണ് റിപ്പോർട്ടുകൾ. ഇവരെ രാഷ്ട്രത്തിനെതിരായി പ്രവർത്തിക്കുന്ന തീവ്രവാതികളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അമേരിക്ക, ലിത്വാനിയ, ബെൽജിയം, യു.കെ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഉയ്ഗൂറികളോടുള്ള ചൈനയുടെ സമീപനത്തെ വംശഹത്യയായി പ്രക്യാപിച്ചിട്ടുണ്ട്. ഇയ്ഗൂറികൾ നിർബന്ധിത തടങ്കൽ, പീഢനം, ബലാൽസംഗം, നിർബന്ധിത ഗർഭച്ഛിദ്രം, നിർബന്ധിത വന്ധ്യ കരണം തടങ്കൽ പാളയത്തിൽ അനുഭവിക്കുന്നതായ് അന്താരാഷ്ട്ര മനുഷ്യാവകാശ സംഘനകൾ ആരോപിച്ചിട്ടുണ്ട്.

സുപ്രധാനമായ പൊതു ആനുകൂല്യത്തിന്റെ ഭാഗമായ് പ്രത്യേകം അനുവദിച്ച ഇമിഗ്രേഷൻ വഴി അമേരിക്കയിൽ എത്തിയ ചൈനയിലെ മുൻ തടവുകാരായിരുന്നു ഓവൽബെക്ക് തുർദാകുൻ, ഭാര്യ സിൽഡെസ്, മകൻ ദാനിയേൽ. തുർദാകുൻ ഒരു കിർഗിസ് വംശീയനാണെങ്കിലും ഉയ്ഗൂറുകൾക്കൊപ്പം തടങ്കൽപ്പാളയത്തിൽ കിടന്ന് അവിടെ വാസ്തവത്തിൽ എന്താണ് നടക്കുന്നതെന്ന് പൊതു ലോകത്തെ അറിയിച്ച വ്യക്തിയാണ്. 2018-ൽ അമേരിക്കയിലേക്ക് മടങ്ങിയ ശേഷം ചൈനയിലെ സിയാൻജിയാംഗിലെ പുനർ വിദ്യാഭ്യാസ ക്യാമ്പിൽ പ്രവർത്തിച്ച് വരികയാണ്. ചില ഓൺലൈൻ മാധ്യമങ്ങൾക്കും, പ്രദേശിക പത്രങ്ങൾക്കും ചില ഇന്റർവ്യൂകൾ നൽകിയിരുന്നു. എന്നാൽ ഇത് ആദ്യമായ് ലോകത്തിലെ തന്നെ ഏറ്റവും വലിയ ബ്രോഡ്കാസ്റ്റ് ചാനലായ സിബി എൻ ന്യൂസിൽ അദ്ദേഹം വളരെ വിശദമായി പ്രതികരിക്കുക ഉണ്ടായി.

2018 ഫെബ്രുവരി 10 ന് അതിരാവിലെ പബ്ലിക്ക് സെക്യൂരിറ്റി ബ്യൂറോ തുർദാകൂന്റെ വീട്ടിലെത്തി. ഒരു വിശദീകരണവും നൽകാതെ വൈദ്യ പരിശോധനക്കായി ആശുപത്രിയിലേക്ക് കൊണ്ടുപോയി. ശേഷം ഒരു പുനർ വിദ്യാഭ്യാസ ക്യാമ്പിലേക്ക് കൊണ്ടുപോയി വസ്ത്രങ്ങളെല്ലാം അഴിച്ച് മാറ്റി ജയിൽ യൂണിഫോം ധരിപ്പിച്ചു. 23 പേരെ താമസിപ്പിച്ചിരുന്ന ഒരു ചെറിയ മുറിയിലാക്കി. എല്ലാവർക്കും കൂടെ ഒരു ടൊയ്‌ലറ്റും പങ്കിട്ട് ഉപയോഗിക്കേണ്ട നീണ്ട ഷെൽഫ് പോലുള്ള കിടക്കയുമാണ് അവിടെ ഉണ്ടായിരുന്നത്. തടവുകാരെ നിരന്തരമായി നിരീക്ഷിക്കാൻ നിരീക്ഷകരും നിരീക്ഷണ ക്യാമറകളും പ്രവർത്തിച്ചിരുന്നു. ഒപ്പം ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ടെലിവിഷനിൽ നിന്നും നിർത്താതെ പ്രദർശിപ്പിക്കുന്ന പര്യസ്യങ്ങൾ മാത്രം. അന്തേവാസികളെ പുനരതിവസിപ്പിക്കാനെന്ന പേരിലുള്ള വിഢിയോ പരസ്യങ്ങളാണ് പ്രദർശിപ്പിക്കുന്നതെങ്കിലും ചൈന സമ്പത്തിന്റെയും സന്തോഷത്തിന്റെയും വികസ്വര രാഷ്ട്രമെന്ന ഉള്ളടക്കമായിരുന്നു വീഡിയോയിലുള്ളത്. ചിന്തിക്കാൻ കഴിയുന്നതിലുമപ്പുറമായിരുന്നു ജയിലിൽ നിന്നുണ്ടാകുന്ന മസ്തിഷ്ക പ്രക്ഷാളനങ്ങൾ എന്നും അദ്ദേഹം കൂട്ടി ചേർത്തു.

ഇരുട്ടുള്ള ചെറിയ മുറികളിൽ ടൈഗർ ചെയറിൽ ഇരുത്തി അന്തേവാസികളെ പീഢിപ്പിക്കുന്ന ഒരു പരിപാടിയുണ്ട്. അന്തേവാസികൾക്ക് സുഖമായി ഇരുന്ന് വിശ്രമിക്കാനുള്ള കസേര എന്നാണ് ചൈനീസ് വിശേഷിപ്പിക്കുന്നത്. എന്നാൽ കാഴ്ച്ചയിൽ സുന്ദരമായ കസേര ശരിരത്തിൽ മുറിവേൽപ്പിക്കാതെയും മരണത്തിലേക്ക് നയിക്കാതെ തന്നെ അതിക്രൂരവും പൈശാചികവുമായി പീഢിപ്പിക്കാവുന്ന ഒരു കസേരയാണത്. കസേരയിൽ ഇരിക്കുന്നവർ വേദന സഹിക്കവയ്യാതെ അലറി വിളിക്കുമ്പോൾ ശബ്ദം പുറത്തേക്ക് വരാത്ത നിലയിൽ സൗണ്ട് പ്രൂഫ് ചെയ്ത ഭിത്തികളാണ് മുറിയിലേത്. ജനലുകളോ വെളിച്ചമോ ഇല്ലാത്ത മുറിയിലെ അനുഭവം വർണ്ണനാതീതമാണന്നും അദ്ദേഹം വിശദീകരിക്കുന്നു. ഇടക്കിടെ പീഢനത്തിന് അവധി കൊടുക്കുമ്പോൾ അന്തേവാസികൾ ഉറങ്ങാതിരിക്കാൻ കാവൽക്കാർ വടികളുമായി ഉപദ്രവിക്കും.

ടൈഗർ കസേരകൾ സ്റ്റീൽ കസേരകളാണ്, അവ ഘടിപ്പിച്ച ലെഗ് അയണുകളും കൈവിലങ്ങുകളും ശരീരങ്ങളെ തടഞ്ഞുനിർത്തുന്നു, പലപ്പോഴും വേദനാജനകമായ സ്ഥാനങ്ങളിൽ. നിരവധി തടവുകാരെ രണ്ട് മണിക്കൂർ മുതൽ രണ്ട് ദിവസം വരെ കടുവ കസേരയ്ക്കുള്ളിൽ ചോദ്യം ചെയ്യുകയോ ശിക്ഷിക്കുകയോ ചെയ്യുന്നു. ഒന്നുകിൽ ടൈഗർ കസേരകൾ തടവിലാക്കപ്പെട്ടവരുടെ സെല്ലുകളിലേക്ക് കൊണ്ടുവരുന്നു, അല്ലെങ്കിൽ തടവുകാരെ ഒന്നിലധികം കടുവ കസേരകളുള്ള മുറിയിൽ കൊണ്ടുവന്ന് ശിക്ഷിക്കുന്നു. ഈ മുറികളിൽ 15-ലധികം കടുവ കസേരകൾ ഉണ്ടായിരിക്കാം, കസേരകൾക്കിടയിൽ പാർട്ടീഷനുകൾ ഉണ്ടായിരുന്നു. മുറികൾ തണുപ്പാണ്, ചില അവസരങ്ങളിൽ ഭക്ഷണമോ വെള്ളമോ ഇല്ല. ഓരോ കസേരയുടെ മുകളിലും ഒരു ചെറിയ വെള്ള വെളിച്ചവും, ഒരു ക്യാമറയും, തടവുകാരെ നിരീക്ഷിക്കാൻ ഒരു മൈക്രോഫോണും ഉണ്ട്.

കോവിഡ് 19 - ന്റെ സമയത്ത് തടവുകാർക്ക് നിർബന്ധിതമായി വാക്സ്സിനേഷനും, മരുന്നുകളും നൽകിയിരുന്നു. എങ്കിലും ബഹുപൂരിപക്ഷം തടവുകാർക്കും രോഗം പിടിപ്പെട്ടു. തുർദാഗൂനും രോഗബാധിതനായി. എല്ലാവരുടെയും ചെവിയിൽ നിന്നും മഞ്ഞ ദ്രാവകം ഒഴുകിയതിനെ കുറിച്ചും വികാരാധീനനായി.

2018 ഡിസംബർ 17 - ന് മോചിതനായ തുർദാകൂനെ സർക്കാർ വീട്ടുതടങ്കലിലാക്കി. ജി പി എസ് ബ്രേസ്ലേറ്റ് ഉപയാഗിച്ച് നീക്കങ്ങൾ നിരീക്ഷിച്ചു. അങ്ങനെ 10 മാസത്തെ അതികഠിന തടങ്കൽ പാളയത്തിലെ വാസത്തിൽ തുർദാകൂൻ ക്രിസ്തിയ വിശ്വാസം ഉപേക്ഷിക്കാതെ പിടിച്ച് നിന്നു.

# സുവിശേഷകന്റെ പ്രവർത്തി ചെയ്യുക




*നീയോ സകലത്തിലും നിർമദൻ ആയിരിക്ക; കഷ്ടം സഹിക്ക, സുവിശേഷകന്റെ പ്രവൃത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക. (2 തിമോത്തിയോസ് 4:5)*

സുവിശേഷകന്റെ പ്രവർത്തി എന്താണ്? സുവിശേഷം അറിയിക്കുക എന്നുള്ളതാണ്. സുവിശേഷം എന്താണെന്ന് അറിഞ്ഞതുകൊണ്ട് മാത്രം സുവിശേഷകന്റെ പ്രവർത്തി ചെയ്യുവാൻ സാധ്യമല്ല. അറിഞ്ഞ സുവിശേഷത്തിന് യോഗ്യമായി ജീവിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഏതെങ്കിലും ബൈബിൾ കോളേജിൽ പോയി ഒരു ഡിഗ്രി തട്ടിക്കൂട്ടി നല്ല ഒരു സ്പോൺസറെ കണ്ടുപിടിച്ചാൽ ഒരാൾക്ക് സുവിശേഷകൻ ആകുവാൻ പറ്റുകയില്ല.

അത് മാനുഷിക ചിന്തയാണ്. അങ്ങനെ ചെയ്യുന്നവർ നിമിത്തമാണ് പലപ്പോഴും ദൈവനാമം ദുഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. അവർ ഉപായികളും ദ്രവ്യാഗ്രഹത്തിന്റെ കൗശലം ഉള്ളിൽ സൂക്ഷിക്കുന്നവരും ആയിരിക്കും.

എന്തല്ലാ സുവിശേഷകന്റെ പ്രവർത്തി എന്ന് ആദ്യം മനസ്സിലാക്കുക. പണം ഉണ്ടാക്കുവാനോ, വിദേശരാജ്യങ്ങളിൽ ചേക്കേറുവാനോ, വിവാഹം കഴിക്കുവാനോ, മേലനങ്ങാതെ ജീവിക്കുവാനോ, നേർച്ച നിവർത്തിക്കുവാനോ, വേണ്ടി ചെയ്യുന്ന ഒന്നല്ല സുവിശേഷകന്റെ പ്രവർത്തി. മറിച്ച് ദൈവം വിളിച്ചവർ ആത്മഭാരത്തോടും ക്രിസ്തുവിനോടുള്ള സ്നേഹത്താൽ നിർബന്ധിക്കപ്പെട്ടു ചെയ്യേണ്ട ഒന്നാണ്. സുവിശേഷകൻ എന്ന പേരിൽ അറിയപ്പെടുകയും അപ്പോൾ തന്നെ ആ പേരിന്റെ വിശ്വാസ്യതയെ നഷ്ടപ്പെടുത്തുന്ന നിലയിൽ പണപ്പിരിവും സാക്ഷ്യം നഷ്ടപ്പെടുത്തുന്ന പ്രവർത്തികളുമായി ജീവിക്കുന്നതല്ല സുവിശേഷകന്റെ പ്രവർത്തി എന്നുള്ളതും കൂടി ഓർമ്മപ്പെടുത്തട്ടെ.

വൈദ്യനായ ലൂക്കോസ് സുവിശേഷകനായ ഫിലിപ്പോസിനെക്കുറിച്ചും തന്റെ പ്രവർത്തിയെക്കുറിച്ചും അപ്പോസ്തല പ്രവർത്തിയിൽ പറഞ്ഞിരിക്കുന്നു. പൗലോസ് തന്റെ മിഷണറി യാത്രയ്ക്ക് ശേഷം കൈസര്യയിൽ വന്നപ്പോൾ സുവിശേഷകനായ ഫീലിപ്പോസിന്റെ ഭവനത്തിൽ ആയിരുന്നു താമസിച്ചത്. എത്യോപ്യ രാജ്ഞിയുടെ ഷണ്ഡനെ മാനസാന്തരത്തിലേക്ക് നയിച്ചതും സ്നാനപ്പെടുത്തിയതും സുവിശേഷകൻ ആയിരുന്ന ഫീലിപ്പോസ് ആയിരുന്നു. അതിന് കാരണം ഫീലിപ്പോസ് നല്ല സാക്ഷ്യം പ്രാപിച്ചവനും പരിശുദ്ധാത്മാവിലും വിശ്വാസത്തിലും വിജ്ഞാനത്തിലും നിറഞ്ഞവനും സർവ്വ സഭയ്ക്കും സമ്മതനും ആയിരുന്നതുകൊണ്ടാണ്. അതിഥി സൽക്കാരപ്രിയനായിരുന്നു എന്നത് പൗലോസിനെ തന്റെ ഭവനത്തിൽ സന്തോഷത്തോടെ കൈക്കൊണ്ടതിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

സുവിശേഷകനായ ഫിലിപ്പോസ് ശമരിയ പട്ടണത്തിൽ ചെന്ന് ക്രിസ്തുവിനെ പ്രഘോഷിച്ചു. ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫീലിപ്പോസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും യേശുവിൽ വിശ്വസിച്ചു സ്നാനം ഏറ്റു. സുവിശേഷകനെ ജനങ്ങൾ വിശ്വാസത്തിൽ എടുക്കണമെങ്കിൽ സുവിശേഷകൻ എന്ന സ്ഥാനത്തിന് യോഗ്യമായ പ്രവർത്തികൾ മാത്രമേ ചെയ്യുവാൻ പാടുള്ളൂ. എങ്കിൽ മാത്രമേ താൻ പറയുന്ന സുവിശേഷത്തിൽ കേൾവിക്കാർ വിശ്വസിക്കുകയുള്ളൂ. ഇന്ന് എത്ര സുവിശേഷകന്മാരിൽ കേൾവിക്കാർക്ക് വിശ്വാസം ഉണ്ടെന്നത് സ്വയ വിമർശനത്തിന് വിടുന്നു.

അവിവാഹിതരായ, പ്രവചിക്കുന്ന നാല് പെൺമക്കൾ ഫീലിപ്പോസ് എന്ന സുവിശേഷകന് ഉണ്ടായിരുന്നു എന്ന ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുമ്പോൾ, കർത്താവിൽ തനിക്കുണ്ടായിരുന്ന വിശ്വാസം തന്റെ മക്കളിലേക്ക് പകർന്നു കൊടുക്കുന്നതിലും അവരെ ദൈവവേലയ്ക്കായി സജ്ജരാക്കുന്നതിലും കുടുംബമായി ദൈവത്തെ സേവിക്കുന്നതിലും താൻ വിജയിച്ചു എന്ന് മനസ്സിലാക്കാം. സ്വന്തം കുടുംബത്തിൽ നല്ല സാക്ഷ്യം പ്രാപിച്ചിരിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. തന്റെ കുടുംബത്തെ മാത്രമല്ല അനേകരെ ക്രിസ്തുവിലേക്ക് നയിക്കുവാൻ തനിക്ക് കഴിഞ്ഞതും പ്രാഗൽഭ്യത്തോടെ സുവിശേഷകന്റെ പ്രവർത്തി ചെയ്യുവാൻ തനിക്ക് സാധിച്ചതും ഇതുകൊണ്ടാണ്. ദൈവം തന്നെ തിരഞ്ഞെടുത്തു എന്ന ഉറപ്പും ദൈവത്തോടുള്ള സ്നേഹവും അതിന് നിമിത്തമായി. സുവിശേഷകന്റെ പ്രവർത്തി ഉത്തമവും നിത്യതയിലേക്ക് ഉള്ള നിക്ഷേപവും ആണ്. ആത്മാക്കളെ നിത്യജീവനിലേക്ക് നയിക്കുന്ന സുവിശേഷകന്റെ പ്രവർത്തി ചെയ്യുവാൻ നമുക്ക് ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം.



**അനി ചാക്കോ**
**കോട്ടയം**

# വിലയിരുത്തപ്പെടാത്ത ജീവിതം



**ബ്രൂസൻ നിലമ്പൂർ**





തത്വചിന്തകനായ സോക്രട്ടീസ് പറഞ്ഞത്: വിലയിരുത്തപ്പെടാത്ത, അവലോകനം ചെയ്യപ്പെടാത്ത ജീവിതം അർത്ഥശൂന്യമാണെന്നാണ്. അത് തെറ്റുകളിൽ നിന്ന് തെറ്റുകളിലേക്ക് നമ്മെ നയിച്ചു കൊണ്ടിരിക്കും. സ്വന്തം പ്രവർത്തികളെ വിലയിരുത്തി, തെറ്റുകൾ തിരുത്തി വേണ്ടുന്ന ക്രമീകരണങ്ങൾ നടത്തിയവരുടെ ജീവിതത്തിൽ വിപ്ലവകരമായ വഴിത്തിരിവുകൾ ആണ് ഉണ്ടായിട്ടുള്ളത്. സമൂഹത്തെ സ്വാധീനിച്ചിട്ടുള്ള വ്യക്തികൾ എല്ലാം സ്വയപരിശോധനയ്ക്ക് നിരന്തരം വിധേയപ്പെട്ടിരുന്നവരാണ്.

വളരെ വേഗത്തിൽ ട്രെയിനിൽ കയറുകയായിരുന്നു മഹാത്മാഗാന്ധി. പെട്ടെന്ന് അദ്ദേഹത്തിന്റെ ഒരു കാലിലെ ചെരുപ്പ് തെറിച്ച് പാളത്തിൽ വീണു. ഉടനെതന്നെ അദ്ദേഹം മറ്റേ ചെരുപ്പ് ഊരി അവിടെ തന്നെ ഇട്ടു. കാരണം, ചെരുപ്പില്ലാത്ത പാവപ്പെട്ട ആരെങ്കിലും അത് എടുക്കുകയാണെങ്കിൽ ഒരു ചെരുപ്പ് കൊണ്ട് അയാൾക്ക് എന്ത് കാര്യം? അതുകൊണ്ടാണ് മറ്റേ കാലിലെ ചെരുപ്പ് ഊരി അദ്ദേഹം അവിടെ ഇട്ടത്. തന്റെ പ്രവർത്തികളെ എപ്പോഴും വിലയിരുത്തുന്ന അദ്ദേഹത്തിന്റെ ഉൾക്കാഴ്ച എത്ര വലുത്! ക്രിസ്ത്യാനികളായ പലരും ദൈവരാജ്യത്തിനും മറ്റുള്ളവർക്കും പ്രയോജനമില്ലാത്ത, അർത്ഥമില്ലാത്ത എത്രയോ കാര്യങ്ങളിൽ ഇടപെട്ട് സമയം കളയുന്നവരാണ്. ഓരോ പ്രവർത്തികളും ചെയ്യുമ്പോൾ, ഞാൻ ആരാണ്? എന്താണ് ചെയ്യുന്നത്? എന്തിനാണ് ചെയ്യുന്നത്? എനിക്കിത് ചെയ്യാമോ എന്നുള്ള ചോദ്യങ്ങൾ സ്വയം ചോദിക്കേണ്ടിയിരിക്കുന്നു.

സ്വയം വിലയിരുത്തുവാൻ വിസമ്മതം പ്രകടിപ്പിക്കുന്ന നേതാക്കന്മാരാണ് ആത്മീയസമൂഹത്തിന്റെ ഏറ്റവും വലിയ ശാപം. എന്തുപറഞ്ഞാലും പ്രവർത്തിച്ചാലും അണികൾ അത് കേട്ട് പഞ്ചപുച്ഛമടക്കി നിന്നു കൊള്ളും എന്നാണ് അവരുടെ ധാരണ. ആത്മീയ നേതൃത്വത്തിൽ ഇരിക്കുന്നവരുടെ ചെയ്തികൾ ജനങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കുന്നു. സാധാരണക്കാരായ വിശ്വാസികളുടെ മനസ്സിൽ ഇങ്ങനെയുള്ളവരെക്കുറിച്ച് വെറുപ്പും അവജ്ഞയും ആണ് പലപ്പോഴും കണ്ടുവരുന്നത്.

ആത്മീയനേതൃത്വത്തിൽ ഇരിക്കുന്നവർ മാത്രമല്ല, എല്ലാവരും സ്വയം വിലയിരുത്തലുകളും പുനപരിശോധനകളും നടത്തിയാൽ അത് വിപ്ലവകരമായ മാറ്റത്തിന് വഴിയൊരുക്കും. വിലയിരുത്തപ്പെടുവാൻ മനസ്സ് വെക്കാത്തവർ എക്കാലത്തും എല്ലാവർക്കും ഒരു ഭാരം ആയിരിക്കും. നിരന്തരമായ വിലയിരുത്തലുകളും തിരുത്തപ്പെടലുകളും ആണ് ഓരോ വ്യക്തികൾക്കും ആവശ്യം. പ്രയോജനമില്ലാത്ത പിടിവാശികളും പ്രതികാരനടപടികളും സമൂഹത്തിൽ നിന്ന് നമ്മെ അകറ്റിനിർത്തുന്നതിന് കാരണമായിട്ടുണ്ട്. ഏതു സ്ഥാനത്ത് ഇരിക്കുന്നവരാണെങ്കിലും എത്ര വലിയ പദവി അലങ്കരിക്കുന്നവരാണെങ്കിലും, ഞാൻ ആരാണ്? എന്തു ചെയ്യുന്നു? എങ്ങനെ ചെയ്യുന്നു? എന്തിനു ചെയ്യുന്നു? എന്ന് എപ്പോഴും വിലയിരുത്തേണ്ടതാണ്. അതുവഴി നമ്മുടെ മനോഭാവങ്ങൾക്ക് വലിയ വ്യത്യാസങ്ങൾ ഉണ്ടാവുകയും നമ്മിലൂടെ ക്രിസ്തുവിനെ ലോകം ദർശിക്കുകയും ചെയ്യും. വ്യസനത്തിനുള്ള മാർഗം എന്നിൽ ഉണ്ടോ എന്ന് നോക്കണമേ, ശാശ്വതമാർഗത്തിൽ എന്നെ നടത്തേണമേ എന്ന് ഇസ്രായേലിന്റെ രാജാവായിരുന്ന ദാവീദ് ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചത് പോലെ നാം പ്രാർത്ഥിക്കേണ്ടതാകുന്നു

## ബൈബിൾ കൈവശം വച്ചതിന് വധശിക്ഷ

**റൂഹാ മൗണ്ട്:** ബൈബിൾ കൈവശം വച്ചതിന് ഒരു അഫ്ഗാൻ പൗരനെ താലിബാൻ ഭീകരർ വധിച്ചു. ഞെട്ടിക്കുന്ന റിപ്പോർട്ടുകളാണ് അഫ്ഗാനിസ്ഥാനിൽ നിന്നും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. വീടുകൾ കയറിയിറങ്ങി ക്രൈസ്തവരെ താലിബാൻ ഭീകരർ അന്വേഷിക്കുന്നതായി പ്രമുഖ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഭരണം പിടിച്ചെടുത്ത ആദ്യത്തെ ദിവസങ്ങൾ തങ്ങൾ തീവ്രവാദികളല്ല എന്നു വരുത്തിത്തീർക്കാനുള്ള പരിശ്രമങ്ങൾ താലിബാൻ നടത്തിയിരുന്നു. എങ്കിലും ഭീകരർ ക്രൈസ്തവ പീഢനം ആരംഭിച്ചിരിക്കുന്നു. താലിബാൻ ഭരണം പിടിച്ചെടുക്കുന്നതിന് മുൻപും അഫ്ഗാനിലെ ക്രൈസ്തവർ പലരും രഹസ്യമായാണ് ജീവിച്ചിരുന്നതെന്ന് "റിലീസ് ഇന്റർനാഷ്ണൽ" എന്ന ക്രൈസ്തവ സന്നദ്ധ സംഘടനയുടെ ബ്രിട്ടനിലെ വക്താവ് വ്യക്തമാക്കി

## കോളോസിയം ക്രൈസ്തവ ആരാധനാലയം

**റോം:** ഗ്ലാഡിയേറ്റർ പോരാട്ടങ്ങൾക്കും, അനേകം ക്രൈസ്തവരുടെ രക്തസാക്ഷിത്വത്തിനും വേദിയായ കൊളോസിയം ഒരു കാലത്ത് ക്രൈസ്തവരുടെ ആരാധനാകേന്ദ്രമായിരിന്നുവെന്ന് വെളിപ്പെടുത്തൽ. കൊളോസിയത്തിനകത്തെ പ്രധാന കമാനങ്ങളിലൊന്നിൽ ഉണ്ടായിരുന്ന ജറുസലേമിനെ പ്രമേയമാക്കിയ പതിനേഴാം നൂറ്റാണ്ടിലെ ചുവർ ചിത്രം പുനരുദ്ധരിച്ചതിൽ നിന്നുമാണ് കൊളോസിയം ഒരു കാലത്ത് ക്രൈസ്തവരുടെ ആരാധനാ കേന്ദ്രമായിരുന്നെന്ന സൂചനയിലേക്ക് വഴി തെളിയിച്ചിരിക്കുന്നതെന്ന് പ്രമുഖ മാധ്യമമായ 'ന്യൂയോർക്ക് ടൈംസ്' റിപ്പോർട്ട് ചെയ്യുന്നു.

## നവീൻ പട്നായിക് വത്തിക്കാനിൽ



**ഒഡീഷ:** ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക് വത്തിക്കാനിൽ കത്തോലിക്ക സഭയുടെ പരമാദ്ധ്യക്ഷനും, ഇറ്റലിയുടെ രാഷ്ട്രത്തലവനുമായ ഫ്രാൻസിസ് മാർ പാപ്പയെ സന്ദർശിച്ചു.

മിഷ്ണറീസ് ഓഫ് ചാരിറ്റിയുടെ എഫ്സി ആർ റജിസ്ട്രേഷൻ സർക്കാർ റദ്ദാക്കിയപ്പോൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നും 79 ലക്ഷം രൂപ നൽകി സഹായിച്ചതിനെതിരെ വ്യാപകമായ വിമർശനങ്ങൾ ഉയർന്നിരുന്നു.

സർക്കാർ ചിലവിൽ മാർപാപ്പയെ കണ്ടത് സംസ്ഥാനത്തെ ക്രിസ്തീയവത്കരിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമാണെന്ന വ്യാഖ്യാനവും വിമർശനവുമായി വന്നിരിക്കുകയാണ് ഒരു വിഭാഗം ആളുകൾ .

## പുതിയ സഭാ മന്ദിരം




**അൽബുഖർഖി:** ഇന്റർനാഷ്ണൽ ക്രിസ്ത്യൻ അസംബ്ലിക്ക് പുതിയ സഭാ മന്ദിരം ഉത്ഘാടനം ചെയ്തു. ജൂൺ പതിനെട്ടിനായിരുന്നു ഉത്ഘാടനം നടന്നത്. റവ. ബാബു ജോൺ ആരാധനാലയം പ്രാർത്ഥിച്ച് സമർപ്പിച്ചു. പാസ്റ്റർമരായ ജോൺ നൈനാൻ, ഷാജി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഡോ. ജാബേഷ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി

## പാസ്റ്റർക്കെതിരെ ഗോവ മുഖ്യമന്ത്രി

**ഗോവ:** മതപരിവർത്തനം ആരോപിച്ച് ക്രിസ്ത്യൻ പാസ്റ്റർ ഡൊമിനിക് ഡിസൂസയെ മേയ് 26നാണ് ഗോവ പൊലീസ് അറസ്റ്റ് ചെയ്തത്. ആളുകളെ മതം മാറ്റാൻ മാന്ത്രികവിദ്യ ഉപയോഗിച്ചെന്നാരോപിച്ച് ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട് പ്രകാരമാണ് ഡൊമിനിക് ഡിസൂസയ്ക്കും ഭാര്യ ജുവാനുമെതിരെ കേസെടുത്തത്. ഡൊമിനിക് ഡിസൂസയുടെ അറസ്റ്റിനെ തുടർന്ന് മതപരിവർത്തന നിരോധന നിയമത്തിന് വേണ്ടി ഹിന്ദുത്വ സംഘടനകൾ ആസൂത്രിത നീക്കം നടത്തുന്നുണ്ട്.

അറസ്റ്റിലായ പാസ്റ്റർ ഡൊമിനിക് ഡിസൂസയും ഭാര്യ ജുവാൻ ലൂറെഡും മതപരിവർത്തനത്തിനായി മാന്ത്രികവിദ്യ ഉപയോഗിച്ചതായി മുഖ്യമന്ത്രി പ്രമോദ് സാവന്ത് ആരോപിച്ചിരുന്നു. മതം മാറാൻ ആളുകളെ പ്രലോഭിപ്പിക്കുന്നത് ഗോവയിൽ അനുവദിക്കില്ലെന്നും മതംമാറ്റ നിരോധന ബിൽ നിയമസഭയിൽ അവതരിപ്പിക്കുമെന്നും മുഖ്യമന്ത്രി കഴിഞ്ഞയാഴ്ച പറഞ്ഞിരുന്നു

## ചന്ദ്രനിൽ മൂന്ന് ദിവസം, യേശുവിന്റെ കൂടെ ആയുസ്സ് മുഴുവൻ



**അമേരിക്കൻ:** അമേരിക്കൻ സ്പേസ് ഏജൻസിയായ നാസയുടെ 1972 ലെ അപ്പോളോ 16 മൂൺ മിഷന്റെ ലൂണാർ മൊഡ്യൂൾ പൈലറ്റും അന്ന് വരെയുള്ള അസ്ട്രോനോട്സിൽ വച്ച് ഏറ്റവും പ്രായം കുറഞ്ഞതും ചന്ദ്രന്റെ ഉപരിതലത്തിൽ നടക്കാൻ ഭാഗ്യം ലഭിച്ച പത്താമത്തെ വ്യക്തിയും, അമേരിക്കൻ യുദ്ധവിമാന പൈലറ്റുമായിരുന്നു. മനുഷ്യൻ സൃഷ്ടിയായ ചന്ദ്രനിൽ പരമാവധി താമസിച്ചത് വെറും മൂന്ന് ദിവസം മാത്രമാണന്നും, എന്നാൽ ചന്ദ്രന്റെ സൃഷ്ടിതാവായ യേശുവിനൊപ്പം ഒരായുസ് മുഴുവനും നടക്കാൻ കഴിയുമെന്നും അദ്ദേഹം അനുഭവങ്ങൾ പങ്ക് വച്ച ഒരു വീഡിയോയിൽ പറഞ്ഞു

## സ്ഥാനാർത്ഥി യഹൂദൻ പ്രചരണം സഭകൾ കേന്ദ്രീകരിച്ച്

**ഒഹിയോ:** ജോഷ് മണ്ടേൽ അമേരിക്കയിലെ ഒഹിയോ സംസ്ഥാനത്തിലെ റിപ്പബ്ലിക്കൻ പാർട്ടിയുടെ സെനറ്റ് സ്ഥാനാർത്ഥിയാണ്. ഒരു യഥാർത്ഥ യഹൂദനാണന്ന് പരസ്യമാക്കി കൊണ്ട് തന്നെ തന്റെ ക്രിസ്തീയ വിശ്വാസവും പ്രക്യാപിച്ചാണ് പ്രചരണ രംഗത്ത് സന്ദീവമായിരിക്കുന്നത്. ഇതര റിപ്പബ്ലിക്കൻ സ്ഥാനത്ഥികൾ പതിറ്റാണ്ടുകളായി അനുവർദ്ധിക്കുന്ന രീതികൾ പാടെ മാറ്റി ക്രൈസ്തവ ദേവാലയങ്ങൾ, വിശേഷാൽ ഇവാഞ്ചലിക്കൽ സഭകൾ കജ്രീകരിച്ചിട്ടാണ് സ്ഥാനാർത്ഥി പ്രചരണം നടക്കുന്നത്. വെബ് സൈറ്റിൽ കുരിശിന്റെ രൂപവും, ഒരു കൈയ്യിൽ ബൈബിളും മറുകൈയ്യിൽ ഭരണഘടനയും പിടിച്ചുള്ള ചിത്രങ്ങളും അദ്ദേഹം പ്രചരണത്തിൽ ഉപയോഗിക്കുന്നുണ്ട്. ക്ലീവ്ലാൻഡിന്റെ പ്രാന്തപ്രദേശമായ ബീച്ചുഡിൽ വളർന്നതാണ്. എന്നാൽ വിവാഹം കഴിച്ചിരിക്കുന്നത് യിസ്രായേലി സ്ത്രീയേയാണ്

## മലയാളി മിഷ്ണറി വനിതകളെ അഭിനന്ദിച്ച്: ജോർജ് വെർവർ



**വയനാട്:** മലയാളി മിഷ്ണറി വനിതകളുടെ സംഭാവനകൾ ശ്രേഷ്ട്ടമാണ്. ഞാൻ മലയാളികളുടെ വീടുകളിൽ ഭക്ഷണത്തിനിരിക്കുമ്പോൾ കസേരകൾ ഒഴിഞ്ഞ് കിടന്നാലും സ്ത്രീകൾ ഒപ്പമിരുന്ന് ആഹാരം കഴിക്കാറില്ല. ഇന്ത്യക്കാർ ഏറെ ദൗത്യ ബോധത്തോടെ മുന്നേറേണ്ട സമയമാണിത്. ഇന്ത്യയിലെ വിശ്വാസികൾ തന്നെ പ്രേക്ഷിതദൗത്യം ഏറ്റെടുക്കണം. ഓപ്പറേഷൻ മൊബലൈസേഷൻ സ്ഥാപകൻ ഡോ.ജോർജ്ജ് വെർവറിന്റെ വാക്കുകളാണിത്. ജൂൺ 16 – ന് ഓൺ ലൈൻ ഫ്ലാറ്റ്ഫോമായ സൂമിൽ ഇന്ത്യയിലെ പാസ്റ്റർമാർക്കും, നേതാക്കൾക്കു, യുവജനങ്ങൾക്കുമായി സംഘടിപ്പിച്ച പ്രത്യേക മീറ്റിംഗിൽ സംസാരിക്കുകയായിരുന്നു. യെശയ്യാ പ്രവചനം ആറാം ആദ്ധ്യായത്തിലെ സുപ്രസിദ്ധ ആഹ്വാനം ഏറ്റടുക്കാൻ വിശ്വാസികൾ തന്നെ മുന്നിട്ട് ഇറങ്ങണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു

## മത പരിവർത്തനം നിരോധിക്കില്ല: ഹൈക്കോടതി

**ന്യൂഡൽഹി:** ആർക്കും ഏതു മതവും തിരഞ്ഞെടുക്കാനും വിശ്വസിക്കാനും ഭരണഘടന അവകാശം ഉറപ്പുനൽകുന്നുണ്ടെന്നും നിർബന്ധിതമല്ലാത്ത ഒരു മതപരിവർത്തനം നിരോധിക്കില്ലെന്നും ഡൽഹി ഹൈകോടതി.

ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും മതംമാറ്റുന്നത് തടയാൻ നിയമം നിർമിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി നേതാവും അഭിഭാഷകനുമായ അശ്വിനി കുമാർ ഉപാധ്യായ സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ സഞ്ജീവ് സച്ച്ദേവ, തുഷാർ റാവു ഗെഡേല എന്നിവരുടെ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്.

പട്ടികജാതി-പട്ടികവർഗക്കാർ ഉൾപ്പെടെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരെ ദുർമന്ത്രവാദം നടത്തിയും അന്ധവിശ്വാസം പ്രചരിപ്പിച്ചും കൂട്ട മതപരിവർത്തനത്തിന് വിധേയമാക്കുന്നുണ്ടെന്ന് അശ്വിനി കുമാർ ഹരജിയിൽ പറഞ്ഞു

THE SOUL WINNER
JULY 2022 • VOLUME 10 • ISSUE 2

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723

For private circulation only

# ചർച്ചിനു നേരേ ആക്രമണം



**തിരുവനന്തപുരം:** കാഞ്ഞിരംകുളം നെല്ലിയ്ക്കാക്കുഴി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സിയോൻ അസംബ്ലി ചർച്ചിനു നേരെ ആക്രമണം. 1962–ൽ സ്ഥാപിതമായ സഭയാണ്.

ഗേറ്റിന്റെ പൂട്ട് തകർത്ത് അകത്ത് കടന്ന അക്രമികൾ പ്രധാന വാതിലിലും ശക്തിയായി ചവിട്ടുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. പാസ്റ്റർ ഷിബു ദേവരാജ് ശുശ്രൂഷിക്കുന്നു

# ഇംഗ്ലീഷ് പഠിപ്പിച്ച് സുവിശേഷം അറിയിക്കുന്നു




**ഇംഗ്ലണ്ട്:** ലണ്ടൻ സ്വദേശിയായ വില്യം ബ്രാഡ്രിഡ്ജ് 2012 ൽ സ്ഥാപിച്ചതാണ് ടി ഈ എഫ് എൽ (TEFL). Teaching English as a Foreign Language. രാജ്യത്തുള്ള അഭയാർത്ഥികൾക്കും, കുടിയേറ്റകാർക്കും സൗജന്യമായി ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. കാരണം ഇങ്ങനെയുള്ളവർക്ക് സമൂഹവുമായി അടുത്തിടപ്പഴകാൻ ഇംഗ്ലീഷ് ഭാഷ ഒരു പ്രധാന ഘടകമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ പ്രാവീണ്യം നേടിയ വില്യംസും, സഹധർമ്മിണിയും കൂടെ ഇംഗ്ലീഷ് പരിശീലനത്തിനായി ആരംഭിച്ചതാണ് ഗ്ലോബൽ ഇംഗ്ലീഷ് എന്ന സ്ഥാപനം. എന്നാൽ ക്രൈസ്തവരായ അവർ സുവിശേഷ വേല ഒരു പ്രധാന ദൗത്യമായി പരിഗണിച്ച് അതിനായി സ്ഥാപിച്ച കമ്പനിയാണ് TEFL .

സഭകളിൽ നിന്നും തത്പരരായവരെ കണ്ടെത്തി ഇംഗ്ലീഷ് പരിശീലനം നൽകി, അഭയാർത്ഥികൾക്കും, കുടിയേറ്റ കാർക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്ന പദ്ധതി. അതിലൂടെ സുവിശേഷവും പങ്കു വയ്ക്കുക. ഇഗ്ലണ്ടിനെ ലക്ഷ്യമാക്കി ആരംഭിച്ച പ്രവർത്തനം രാജ്യങ്ങൾ താണ്ടി ആഗോളതലത്തിൽ തന്നെ പ്രവർത്തിച്ച് വിജയിച്ചിരിക്കുകയാണ്.

# ലൈക്ക് കിട്ടയതിന് പാടിയവർ അറസ്റ്റിൽ

**സുഡാൻ:** പാട്ട് പാടിയതിന് ലൈക്ക് കിട്ടിയ കാരണത്താൽ രണ്ട് ക്രിസ്ത്യൻ ലീഡേഴ്സിനെ പൊലീസ് അറസ്റ്റ് ചെയ്തു. സുഡാനിലാണ് കേസിനാസ്പദമായ സംഭവം.

ജൂൺ 14 – ന് ഖാർത്തൂമിൽ നൈൽ നദിക്ക് അക്കരെ ആഫ്രിക്കൻ ഇൻലാൻഡ് ചർച്ചിൽ ബൈബിൾ സ്റ്റഡി നടത്തുകയായിരുന്നു പാസ്റ്റർ കബാഷി ഇദ്രിസും, സുവിശേഷകൻ യാക്കൂബ് ഇഷാഖിയും. ക്ലാസുകൾ നടക്കുന്നതിനിടയിൽ അവർ പാട്ടുകൾ പാടിയിരുന്നു. ക്ലാസ്സുകൾ സോഷ്യൽ മീഡിയയിൽ ലൈവ് സംപ്രേക്ഷണം ചെയ്യുന്നുണ്ടായിരുന്നു. പാട്ടുകൾ രണ്ട് മുസ്ലിം കുട്ടികൾ ലൈക്ക് ചെയ്തത് ശ്രദ്ധിച്ച പോലീസാണ് ഉടൻ സ്ഥലത്തെത്തി രണ്ട് പേരെയും അറസ്റ്റ് ചെയ്തത്. സുഡാനിലെ ആർട്ടിക്കിൾ 77 പ്രകാരം പൊതു ക്രമംതെറ്റിച്ചു എന്ന് പറഞ്ഞാണ് കേസേടുത്തത്. നിലവിൽ സ്റ്റേഷൻ ജാമ്യത്തിലുള്ള അവർ കോടതിയിൽ കേസ് നേരിടുയാണ്.

# ആലയം പണിക്കായി പണം കണ്ടെത്താൻ 133 മൈൽ ഓടാൻ യുവാക്കൾ



**ബ്രാഡ്ഫോർഡ് :** ബ്രാഡ്ഫോർഡിലെ സൺബ്രിഡ്ജ് റോഡ് മിഷൻ ചർച്ചിന് ജൂൺ 26 ആയപ്പോൾ 133 വയസ്സ് തികച്ചിരിക്കുകയാണ്. കാലപ്പഴക്കം കൊണ്ട് പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന വിശ്വാസികൾ കെട്ടിടം ആധുനീക രീതിയിൽ പുതുക്കിപണിയാൻ തീരുമാനിച്ചു. 2.4 മില്യൺ പൗണ്ട് ആണ് പുതിയ പ്രോജക്റ്റിന്റെ ചിലവ് പ്രതീക്ഷിക്കുന്നത്. ഇതുവരെ 3,5000 പൗണ്ട് തുക വിശ്വാസികളിൽ നിന്നും സമാ കരിച്ചിട്ടുണ്ട്. ബാക്കി തുക കണ്ടെത്തുന്നതിനായി സഭയുടെ പ്രായമായ 133 വർഷത്തെ പ്രതീകാത്മമാക്കി രണ്ട് യുവാക്കൾ മാരത്തോൺ ഓടാൻ തീരുമാനിച്ചിരിക്കുകയാണ്. ആപ്പർലി ബ്രിഡ്ജിലെ മൈക്ക് ഫാരലും, ജെയിംസ് ഓക്സ് ഫോർഡുമാണ് യുവാക്കൾ. 20 –ന് തുടങ്ങിയ ഓട്ടം പ്രതിദിനം ശരാശരി 22 മൈൽ ദൂരമാണ് ഓടുക

# പ്രതീക്ഷയുടെ വാർത്ത മത സൗഹാർദ്ദം



**സെനഗലിൽ:** രണ്ട് വർഷം തുടർമാനമായി കെനിയ, നൈജീരിയ ഉൾപ്പടെയുള്ള മുസ്ലീം പൂരിപക്ഷ രാഷ്ട്രങ്ങളിൽ കൊടിയ ക്രൈസ്തവ പീഢനത്തിന്റെ വാർത്തകളാണ്. എന്നാൽ മറ്റൊരു മുസ്ലീം പൂരിപക്ഷ രാഷ്ട്രമായ സെനഗലിൽ നിന്നും മുസ്ലീം ക്രിസ്ത്യൻ സൗഹാർദ്ദത്തിന്റെ വാർത്തകളാണ് കേൾക്കുവാൻ കഴിയുന്നത്.

ഈ കഴിഞ്ഞ റംസാൻ മാസത്തിൽ നോമ്പു മുറിക്കുന്നതിനുള്ള ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്തത് ക്രിസ്തീയ യുവജനങ്ങൾ നേതൃത്വം നൽകുന്ന ചില സംഘടനകൾ ആയിരുന്നു എന്ന സന്തോഷ വാർത്തയാണ് ദി സോൾ വിന്നർ പങ്ക് വയ്ക്കുന്നത്. എല്ലാ മുസ്ലിംങ്ങളും നോമ്പ് ആചരിക്കുമെങ്കിലും നോമ്പ് തുറക്കാൻ എല്ലാവർക്കും സാധിച്ചിരുന്നില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനായാണ് പ്രദേശികമായ് ക്രിസ്ത്യൻ യുവാക്കൾ വിവിധ സംഘടനകളുടെ ബാനറിൽ മതസൗഹാർദ്ദത്തിന്റെ അടയാളമായി പ്രവർത്തിച്ചത്.

# ദ്വീപ് ക്ഷേത്ര ചർച്ച് സമർപ്പിച്ചു



**പ്രായ കാബോ വെർഡെ:** ദ്വീപ് രാജ്യമായ പ്രായകാബോ വെർഡെ എന്ന രാജ്യത്ത് ചർച്ച് ഓഫ് ജീസസ് ക്രൈസ്റ്റ് ഓഫ് ലേറ്റർഡേയ്സ് പ്രഥമ ക്ഷേത്ര ചർച്ച് സമർപ്പിച്ചു. പന്ത്രണ്ട് അപ്പോസ്തോലന്മാരാൽ നടത്തപ്പെടുന്ന സഭയുടെ എൽഡർ നീൽ എൽ.ആൻഡേഴ്സനാണ് ജൂൺ 19 ന് ദ്വീപിലെ തലസ്ഥാന നഗരമായ പ്രയയിലെ ക്ഷേത്ര ചർച്ച് സമർപ്പിച്ചത്. രാജ്യത്തെ ആദ്യ ക്ഷേത്രവും സഭയുടെ 173–ാമത്തെ സംരംഭവുമാണ്.

ഇതര പ്രൊട്ടസ്റ്റന്റു സഭകളെ അപേക്ഷിച്ച് വളരെ വ്യത്യസ്ഥമായ രീതികളും, പ്രവർത്തന ശൈലിയുമാണ് ഇവരുടേത്. യേശു തിരഞ്ഞെടുത്ത 12 അപ്പോസ്തോലന്മാരെപ്പോലെ 12 അപ്പോസ്തോലന്മാർ അടങ്ങുന്ന ഒരു സമിതിയാണ് സഭ നടക്കുന്നത്. ചർച്ച് എന്ന പദത്തിനൊപ്പം ക്ഷേത്രം എന്നും സഭയെ സംബാധന ചെയ്യും. അപ്പോസ്തോലന്മാർക്കൊപ്പം സഹധർമിണി മാർക്കും പ്രത്യേക ഇരിപ്പിടങ്ങളുംം പദവികളുമുണ്ട്. ആലയ നിർമ്മാണത്തിനും അതിന്റെ നിർമ്മാണ വസ്തുക്കൾക്കും പ്രത്യേകം പ്രാധാന്യം ഇവർ കൊടുക്കാറുണ്ട്. അതുകൊണ്ട് തന്നെ ഇവരുടെ ക്ഷേത്രനിർമ്മിതികളെല്ലാം ഒരു കൗതുക കാഴ്ച്ച ഭാഗാ പകരുന്നതാണ്

# 206 വർഷം പഴക്കമുള്ള ചർച്ച് അടച്ച് പൂട്ടി

**മസാച്യുസെറ്റ്സ്:** 1816–ൽ വെറും എട്ട് അംഗങ്ങളുമായി ആരംഭിച്ച ഒരു സഭയാണ് യു എം സി ക്രൈസ്റ്റ് ചർച്ച്. വിശ്വാസികളുടെ വീടുകളിലും, സ്കൂളുകളിലും വാടക കെട്ടിടങ്ങളിലുമായിരുന്നു ആദ്യ കാലങ്ങളിൽ സഭ കൂടി വന്നത്. സർക്യൂട്ട് റൈഡേഴ്സ് എന്നറിയപ്പെടുന്ന മെതഡിസ്റ്റ് ശുശ്രൂഷകരായിരുന്നു ആദ്യ കാലങ്ങളിൽ കുതിരപ്പുറത്ത് സഞ്ചരിച്ച് ഇവിടെ ശുശ്രൂഷിച്ചിരുന്നത്.




ഇവിടെ രക്ഷിക്കപ്പെട്ടവരുടെയും, സ്നാനപ്പെട്ടവരുടെയും എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സഭാംഗങ്ങളിൽ പലരും പൊതു രംഗത്ത് പ്രവർത്തിക്കുന്നവരും മന്ത്രിമാരായവരും ഉണ്ട്.

2019 ആയപ്പോൾ തന്നെ പല കാരണങ്ങളാൽ സഭാംഗങ്ങൾ കുറഞ്ഞ് വന്നിരുന്നു. കോവിഡ് വന്നതോടെ സഭ പൂർണ്ണമായും ശൂന്യമാകുന്ന അവസ്ഥയിലെത്തി. 2022 ജൂൺ 1 – ന് ചർച്ച് അടച്ച് പൂട്ടുമ്പോൾ 30 പേർ മാത്രമാണ് ഉണ്ടായിരുന്നത്. റവ. കെൻ ബ്ലാഞ്ചാർഡ് ആയിരുന്നു അവസാന ശുശ്രൂഷകൻ. സഭയിലേക്ക് പുതു തലമുറയിൽപ്പെട്ടവരെ ആകർഷിക്കാൻ കഴിയാത്തത് സഭയുടെ വലിയ പരാജയമാണന്ന് പറഞ്ഞ് കൊണ്ടാണ് സഭ തുടർ പ്രവർത്തനം നിർത്തിയതായ് പാസ്റ്റർ പ്രഖ്യാപിച്ചത്